(സി)-(ഇ) പത്ര സമ്മേളനത്തിൽ പരാമർശിച്ചിട്ടുണ്ട്. കാലവിളംബം കൂടാതെ നടപ്പാക്കുമെന്ന് പറഞ്ഞിട്ടുണ്ട്. നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്നതിനുള്ള കാലതാമസം മാത്രമേ ഉണ്ടാകുന്നുള്ളൂ.

119 (1851) സുഗന്ധ വ്യഞ്ജന വിളകളുടെ സമഗ്ര വികസനം

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തെ സുഗന്ധ വ്യഞ്ജന വിളകളുടെ സമഗ്രവികസനത്തിന് എന്തൊക്കെ പുതിയ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) സുഗന്ധ വ്യഞ്ജന വിളകളിൽ നമുക്ക് വിദേശ നാണ്യം ഉൾപ്പെടെ ഏറ്റവും കൂടുതൽ വരുമാനം നേടിത്തരുന്ന കൃഷി ഏതാണ്; കഴിഞ്ഞ സാമ്പത്തിക വർഷം ഈ ഇനത്തിൽ ലഭിച്ച വരുമാനം എത്രയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കേന്ദ്ര സഹായത്തോടുകൂടി സംയോജിത സുഗന്ധ വിളവികസന പദ്ധതിയും കുരുമുളക് കൃഷിയുടെ വികസനത്തിനായി ടെക്നോളജിമിഷൻ ഓൺ പെപ്പർ എന്ന സംസ്ഥാന പദ്ധതിയും 1997-98 മുതൽ നടപ്പാക്കിവരുന്നു.

(ബി) സുഗന്ധ വ്യഞ്ജനവിളകളിൽ ഏറ്റവും കൂടുതൽ വരുമാനം നേടിത്തരുന്ന കൃഷി കുരുമുളകാണ്.

1998-99 വർഷത്തിൽ 634.67 കോടി രൂപ.

120 (1852) നാളികേരോല്പാദനം

ശ്രീ. സി.കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഒരു വർഷത്തെ നാളികേരോല്പാദനം ശാസ്ത്രീയമായി കണക്കാക്കിയിട്ടുണ്ടോ;

(ബി) ഓരോ ഗ്രാമ പഞ്ചായത്തിൽനിന്നും ആ പഞ്ചായത്ത് അതിർത്തിയിലെ നാളികേര കൃഷിയെ കുറിച്ച് ഓരോ വർഷവും കണക്കുകൾ ശേഖരിയ്ക്കുന്നകാര്യം ആലോചിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ആലോചിക്കാം.

121 (1853) നാളികേരത്തിന്റെ വൈവിധ്യവൽക്കരണം

ശ്രീ. കെ. പ്രകാശ് ബാബു :
ശ്രീ. കെ.പി. രാജേന്ദ്രൻ :

LIBRARY ARCHIVES Kerala Legislative Assembly